**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2701** **17-03-2022 - ൽ മറുപടിയ്ക്ക്**

**കക്കയം കെ.എസ്.ഇ.ബി. , K6 ഡിവിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കക്കയം കെ.എസ്.ഇ.ബി. , K6 ഡിവിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസ്സാക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കാമോ; | (എ) | കക്കയം ജനറേഷൻ ഡിവിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസ്സാക്കുന്നത് സംബന്ധിച്ച നിവേദനം കക്കയം ജനറേഷൻ ഡിവിഷൻ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സെക്യൂരിറ്റി ജീവനക്കാരുടെ നിയമന ഏജൻസിയായ KEXCON നെ അറിയിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ കെ.എസ്.ഇ.ബി-യുടെ മറ്റ് ഡിവിഷനുകളിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 ആണെന്നിരിക്കെ കക്കയം കെ.എസ്.ഇ.ബി, K6 ഡിവിഷനിൽ മാത്രം 60 വയസ്സാക്കി നിജപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കക്കയം ജനറേഷൻ ഡിവിഷനിൽ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി നിജപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഡിവിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസ്സാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസ്സാക്കുന്നതിനായി കക്കയം ജനറേഷൻ ഡിവിഷനിൽ ലഭിച്ച നിവേദനം സംബന്ധിച്ച് സെക്യൂരിറ്റി ജീവനക്കാരുടെ നിയമന ഏജൻസിയായ KEXCON നെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ